

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നായരമ്പലം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-**682030**

ഇ-മെയിൽ: **doekm.ksad@kerala.gov.in**
ഫോൺ : **0484-2422271**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-EKM(P3)1211/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 05/10/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നായരമ്പലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം **:** നായരമ്പലം ഗ്രാമപഞ്ചായത്തിന്റെ **2022-2023** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്**.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നായരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-EKM(P3)1211/2023 തീയ്യതി: 05/10/2023

എറണാകുളം ജില്ലയിലെ നായരമ്പലം ഗ്രാമപഞ്ചായത്തിന്റെ **2022-2023** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ നായരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ബിന്ദു എസ്.നായർ	ഡെപ്യൂട്ടി ഡയറക്ടർ	20-07-2023	27-07-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
20-07-2023	27-07-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീജ ഉണ്ണികൃഷ്ണൻ ,ഓഡിറ്റ് ഓഫിസർ
സജീവ് എൻ .എം.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ

ഷൈനി പി.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫിസർ
ടിന്റു.കെ.ജെ.,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
നീതു ബിനോദ്	പ്രസിഡന്റ്	01-04-2022	31-03-2023
ഷാജൻ.എ.വി	സെക്രട്ടറി	01-04-2022	01-10-2022
ഗായത്രി.എം.വി	സെക്രട്ടറി	02-10-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ജിഷ കാതറിൻ.ടി.ഡബ്ല്യൂ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	31-03-2023
ഡോ.അനൂപ്.കെ.ജെ	മെഡിക്കൽ ഓഫീസർ (പി എച്ച് സി)	01-04-2022	31-03-2023
ഡോ.ജയലക്ഷ്മി	മെഡിക്കൽ ഓഫീസർ (ആയൂർവേദം)	01-04-2022	31-12-2022
ഡോ.മഞ്ജുള.കെ.എൻ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2022	31-03-2023
ശ്രീമതി അശ്വതി.എ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2022	31-03-2023
ശ്രീമതി സുനിമോൾ.സി.എച്ച്	അസിസ്റ്റന്റ് എഞ്ചിനിയർ	01-04-2022	31-03-2023
ശ്രീമതി ബിന്ദുജ.കെ.എസ്	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2022	31-03-2023
ശ്രീമതി സീതാലക്ഷ്മി.ബി.എസ്	അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2022	31-03-2023
ശ്രീമതി ഗീതു.ഇ.ജി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,നായരമ്പലം കിഴക്ക്	16-07-2022	31-03-2023
ശ്രീമതി അശ്വതി.സി.എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,നായരമ്പലം പടിഞ്ഞാറ്	29-04-2022	07-11-2022
ഡോ.സുബി ടി.കെ.	വെറ്ററിനറി സർജൻ	01-04-2022	31-03-2023
ശ്രീ.രാമകൃഷ്ണൻ എം.യു.	കൃഷി ഓഫീസർ	01-04-2022	13-11-2022
ശ്രീമതി.ഏഞ്ചല	കൃഷി ഓഫീസർ	14-11-2022	30-11-2022

സിറിയക്ക്			
ഡോ.അജി ഐ.ടി	മെഡിക്കൽ ഓഫീസർ (ആയൂർവേദം)	01-01-2023	31-03-2023
ശ്രീമതി മേരി ഷാലറ്റ് വി.ടി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,നായരമ്പലം കിഴക്ക്	01-04-2022	15-07-2022
ശ്രീമതി നീതു കെ. വിദ്യൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,നായരമ്പലം പടിഞ്ഞാറ്	08-11-2022	31-03-2023

.

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യപത്രം	1-1
2	അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല	1-1-2
4	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-3
5	ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല	1-1-4
6	ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ Gross Surplus Of Income Over Expenditure ആയുള്ള തുക ബാലൻസ് ഷീറ്റിലെ തുകയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു	1-1-5
7	ബജറ്റ്	1-2
8	സാമ്പത്തിക നില(റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)	1-3
9	ഗ്രാന്റ് വിനിയോഗം	1-4
10	പദ്ധതി അവലോകനം	1-5
11	തൊഴിലുറപ്പ് പദ്ധതി	1-6
12	ക്ഷേമ പദ്ധതികൾ	1-7
13	ക്യാഷ് വെരിഫിക്കേഷൻ	1-8
14	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-9
15	ആഭ്യന്തര നിയന്ത്രണം	1-10
16	ഒരു ഉടമയുടെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലധികം കെട്ടിടങ്ങൾക്ക് വസ്തുനികുതി ഇളവ് നൽകി	1-11
17	സൂപ്പർമാർക്കറ്റിന് തെറ്റായ ഉപയോഗക്രമം നൽകി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു	1-12
18	പാർപ്പിടാവശ്യത്തിനു നികുതി നിർണ്ണയിച്ച കെട്ടിടത്തിൽ റസിഡെൻഷ്യൽ ഹോംസ്റ്റേ പ്രവർത്തിക്കുന്നു	1-13
19	ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല	1-14
20	നിരക്ക് നിശ്ചയിക്കാതെ പഞ്ചായത്ത് പ്രദേശങ്ങൾ സിനിമാ- പരസ്യ ചിത്രീകരണത്തിന് നൽകുന്നു	1-15
21	പൊക്കാളി പാടത്ത് നെല്ലിക്കോഴി ശല്യം ഒഴിവാക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ	1-16
22	മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്നു	1-17
23	ലൈഫ് ഭവന പദ്ധതി - തുക കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണം ആരംഭിച്ചില്ല	1-18
24	മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ്-പദ്ധതി നിർവ്വഹണത്തിലെ	1-19

	അപാകതകൾ	
25	ആവശ്യമായ രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക തടസപ്പെടുത്തുന്നു.	1-20
26	വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലന പരിപാടി- സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്ട് നടപ്പിലാക്കി	1-21
27	പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ വൻ തുക കുടിശിക നിലനിൽക്കുന്നു	1-22
28	പരേയ്ക്കാപ്പിള്ളിത്തറ കോളനി സമഗ്രവികസം-പദ്ധതി ആസൂത്രണത്തിലെ അപാകതകൾ	1-23
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-4
5	വായ്പ / വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സാക്ഷ്യപത്രം

1.കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുൽ ചാപ്ടർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **27.06.2023** ലെ **1(1)** -ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **27.06.2023**-ാം തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നായരമ്പലം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് -2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നായരമ്പലം ഗ്രാമപഞ്ചായത്തിന്റെ **2022-23** വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും

സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം

തീയതി: **05/10/2023**

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് കൃത്യമല്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/(Decrease) In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹15109561/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹5051865/- യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-1-4 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകേണ്ട ഗ്രാന്റ് സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

1-1-5 ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ Gross Surplus Of Income Over Expenditure ആയുള്ള തുക ബാലൻസ് ഷീറ്റിലെ തുകയിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു

ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ Gross Surplus Of Income Over Expenditure ആയി രേഖപ്പെടുത്തിയിരിക്കുന്ന തുകയല്ല ഈ വർഷത്തെ പഞ്ചായത്ത് ജനറൽ ഫണ്ട് കണക്കാക്കുന്നതിന് ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

1-2 ബജറ്റ്

2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് 14.03.2022 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് ബജറ്റിന് 9.03.2023 ലെ 2(1) നമ്പർ തീരുമാനപ്രകാരം ഭരണ സമിതി അംഗീകാരം നൽകിയിട്ടുണ്ട്.

1-3 സാമ്പത്തിക നില(റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) .

മുന്നിരിപ്പ്	2,60,05,876
ഓഡിറ്റ് വർഷത്തെ വരവ്	4,73,20,679
ആകെ	7,33,26,555
ഓഡിറ്റ് വർഷത്തെ ചെലവ്	3,22,11,118
നീക്കിയിരിപ്പ്	4,11,15,437

സർക്കാരിൽ നിന്നും ലഭിച്ച പദ്ധതി വിഹിതത്തിന്റെ വരവ് ചെലവ് കണക്കുകൾ മേൽ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. ആയത് ഖ.1-4 ൽ ചേർത്തിട്ടുണ്ട്.

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസന ഫണ്ട്-ജനറൽ		17543452	17543452	15669289	1874163
വികസന ഫണ്ട്-എസ്.സി.പി		10118312	10118312	9732017	386295
ധനകാര്യകമ്മീഷൻ ഗ്രാന്റ്(ടൈഡ്)-ബാങ്ക്	2311307	5135000	7446307	4467515	2978792
ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്)-ട്രഷറി		1578380	1578380	1120243	458137
ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്)-ബാങ്ക്	4,68,886	3559153	4028039	1120913	2907126
ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്)-ട്രഷറി		13	13	0	13
മെയിന്റനൻസ് ഗ്രാന്റ്- റോഡ്		5778000	5778000	4616449	1161551
മെയിന്റനൻസ് ഗ്രാന്റ്-നോൺ-റോഡ്		5049000	5049000	4482344	566656
ഐ.സി.ഡി.എസ്. കേന്ദ്ര വിഹിതം 320100196	603152	1716682	2319834	225031	2094803
ലൈഫ് സ്റ്റേറ്റ് ഷെയർ 320100160	1854000	3300000	5154000	1854000	3300000
ഹെൽത്ത് ഗ്രാന്റ് 320100202	0	269142	269142	172335	96807
ഹെൽത്ത് ഗ്രാന്റ് 320100204	0	137329	137329	8440	128889
ശുചിത്വ മിഷൻ 320100181	1602232	0	1602232	50000	1552232

1) വികസനഫണ്ട് ജനറൽ – G.O പ്രോജക്ട് പ്രകാരം, KURDFC ലോൺ ഇനത്തിൽ ₹1049548/-യും അങ്കണവാടി ജീവനക്കാർക്ക് അധിക വേതനം ഇനത്തിൽ ₹1095000/- യും സോഴ്സ് ഡിഡക്ഷൻ നടത്തിയിട്ടുണ്ട്. വികസന ഫണ്ട് വിഹിതത്തിൽ ₹9,46,223/-യുടെ ബിൽ ട്രഷറിയിൽ നിന്നും പാസാക്കി നൽകിയില്ല. ടി തുകയ്ക്കുള്ള ബില്ലുകൾ സാംഖ്യയിൽ ക്യാൻസൽ ചെയ്യാതിരുന്നതിനാൽ എ.സി.ആർ പ്രകാരം ചെലവ് കാണിച്ചിട്ടുണ്ട്.
2) വികസനഫണ്ട് – എസ്.സി.പി.- ₹773688/- KURDFC ലോൺ ഇനത്തിൽ G.O പ്രോജക്ട് പ്രകാരം സോഴ്സ് ഡിഡക്ഷൻ നടത്തിയിട്ടുണ്ട്.
3) ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റിയ തുകകൾ-
സി.എഫ്.സി.അൺ – ടൈഡ് ഗ്രാന്റ് – ₹8,16,634/-
സി.എഫ്.സി.ടൈഡ് ഗ്രാന്റ് – ₹26,88,959/-
ഐ.സി.ഡി.എസ് – ₹31,350/-
ഹെൽത്ത് ഗ്രാന്റ് (320100202) -₹172335/-
ഹെൽത്ത് ഗ്രാന്റ് (320100204) -₹8440/-
4) സി.എഫ്.സി. ബാങ്ക് അക്കൗണ്ട് പലിശ - ₹136153/-
ബാങ്ക് ചാർജ് - ₹287/-

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	പൂർത്തീകരിച്ചത് (എണ്ണം)	പദ്ധതി ച്ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
224	114270914	152	55662214	20	52	68%

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	624	1149770	1150394	1149549	845
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത്	0	33116073	33116073	33116073	0
ആകെ	624	34265843	34266467	34265622	845

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	0	0
കർഷകതൊഴിലാളി പെൻഷൻ	2546000	221
വിധവ പെൻഷൻ	10686400	1014
വാർദ്ധക്യകാലപെൻഷൻ	25166400	2642
വികലാംഗപെൻഷൻ	2873400	269
50 വയസിന് മുകളിൽ പ്രായമായ അവിവാഹിതകൾക്കുള്ള	950600	91

ധനസഹായം		
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	630000	21

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.07.2023 തീയതിയിൽ 2.30 Pm ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹5210/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ് ഏജൻസി	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	28.09.2022	4/22 മുതൽ 09/22 വരെ	28.09.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	03.08.2017	2012- 13 മുതൽ 2016-17 വരെ	19.09.2017

1-10 ആഭ്യന്തര നിയന്ത്രണം

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഗ്രാന്റ് രജിസ്റ്റർ എന്നിവയിലെ രേഖപ്പെടുത്തലുകളുടെ കൃത്യത ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്ററിൽ, തപാലുകൾ അയയ്ക്കുന്ന ദിവസം തന്നെ ഉപയോഗിച്ച സ്റ്റാമ്പിന്റെയും ബാക്കി സ്റ്റോക്കിൽ അവശേഷിക്കുന്ന സ്റ്റാമ്പിന്റെയും മൂല്യം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. കംപ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ വിവരം ശേഖരിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. കരാറുകളിൽ കരാർ നമ്പർ, തീയതി എന്നിവ ചേർക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകളും ഒപ്പുമില്ലാതെയുള്ള ബ്ലാങ്ക് മുദ്രപ്പത്രങ്ങൾ ഫയലുകളിൽ സൂക്ഷിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതുമാണ്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-11 ഒരു ഉടമയുടെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലധികം കെട്ടിടങ്ങൾക്ക് വസ്തുനികുതി ഇളവ് നൽകി

സ.ഉ(എം.എസ്)നം.144/15/തസ്വഭവ തീയതി 27-4-2015 പ്രകാരം 60 ച.മീ.വരെ തറ വിസ്തീർണ്ണമുള്ള വാസഗൃഹ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സ.ഉ.(എം.എസ്)നം.358/15/തസ്വഭവ തീയതി 16-12-2015 പ്രകാരം ഒരാൾക്ക് ഈ ആനുകൂല്യം ഒരു കെട്ടിടത്തിന് മാത്രമേ ലഭിക്കുകയുള്ളൂ. എന്നാൽ താഴെ ചേർത്ത പ്രകാരം ഒരു ഉടമയുടെ പാർപ്പിടാവശ്യത്തിനുള്ള ഒന്നിലേറെ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഇളവ് അനുവദിച്ചതായി കാണുന്നു.

ക്രമ നം.	കെട്ടിട നം.	ഉടമസ്ഥൻ/സ്ഥാപനത്തിന്റെ പേര്	ആകെ വിസ്തീർണ്ണം (ച.മീ.)	റിമാർക്സ്

1	1/32	ഗീത എ. വി, അരവംപറമ്പിൽ, നായരമ്പലം	40.78	Tax Exemption Type എന്ന കോളത്തിൽ സ.ഉ (എം.എസ്) നം.358/15 എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.
	1/32/B		58.01	
2	1/121	രവീഷ്, നടുപ്പറമ്പിൽ, നായരമ്പലം	36.58	,,
	1/121/B		36.32	
3	1/294	പി. കെ. ദിനേശൻ, പൂതോളിൽ, നായരമ്പലം	30.12	,,
	1/294/A		40.35	
4	1/405	അല്ലി ബാലകൃഷ്ണൻ, പൊന്നാഞ്ചേരി, നായരമ്പലം	48	,,
	1/406		42	
5	2/99	സുധീഷ് എം. എസ്, മാനാട്ടുപറമ്പിൽ,	34.42	,,
	2/100/A		53.29	
6	2/439	പ്രഭ, വെമ്പുള്ളി, നായരമ്പലം	31.31	,,
	2/439/A		58.71	
7	3/28	കെ.വി. അപ്പുക്കുട്ടൻ, കാട്ടൂർ വീട്, നായരമ്പലം	45.74	,,
	3/29/A		41.58	
8	3/147	രാജു കുട്ടപ്പൻ, മാളിയേക്കൽ, നായരമ്പലം	33.3	,,
	3/148/A		51.78	
9	3/216/A	റോസി.വി.എ, വടശ്ശേരി, നായരമ്പലം	56.01	,,
	3/217		41.6	
10	4/82	അന്നം, ആക്കനത്ത്, നായരമ്പലം	50.56	,,
	4/83/A		50.27	
11	4/172/A	രാജു, നെടുംപുറത്ത്, നായരമ്പലം	51.66	,,
	4/173		47.52	
12	5/93	നെൽസൺ, മങ്കുഴി, നായരമ്പലം	38	,,
	5/93/A		38.28	
13	6/97	തിയ്യോ വർഗ്ഗീസ്, തപ്പലോടത്ത്, നായരമ്പലം	46	,,
	6/97/A		59.9	
14	7/368	കൊച്ചുത്രേസ്യ, താന്നിപ്പിള്ളി, നായരമ്പലം	50.17	,,
	7/369		50.17	
15	8/63	സോഫി മാത്യു, താന്നിപ്പിള്ളി, നായരമ്പലം	37.36	,,
	8/63/B		55.53	
16	12/140	ബെഞ്ചമിൻ, അറക്കൽ, നായരമ്പലം	36.5	,,
	12/140/A		59.25	
17	12/234	മോഹനൻ S/O ജനാർദ്ദനൻ, തുണ്ടിപ്പറത്ത്, നായരമ്പലം	38.8	,,
	12/234/A		59.25	
18	13/171	ദിവാകരൻ, അഞ്ചുതൈക്കൽ, നായരമ്പലം	55	,,
	13/171/A		59.04	

19	13/190 13/190/A	സലില, ഓടാശ്ശേരി, നായരമ്പലം	45 59.94	”
20	16/252 16/252/A	സുരേഷ് കുമാർ S/O പത്മനാഭൻ, തിലോത്തമ, കോയിപ്പിള്ളി,നായരമ്പലം	49.41 57.48	”

അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻകപയറിക്ക് (3/25-7-2023), ഈ കെട്ടിടങ്ങളെ സംബന്ധിച്ച് സ്ഥലപരിശോധന നടത്തി പരാമർശിത ഉത്തരവ് പ്രകാരം നൽകിയിട്ടുള്ള വസ്തുനികുതി ഇളവ് ഒഴിവാക്കി കുടിശ്ശിക സഹിതം കെട്ടിട ഉടമയിൽ നിന്ന് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-12 സൂപ്പർമാർക്കറ്റിന് തെറ്റായ ഉപയോഗക്രമം നൽകി കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു

അറക്കൽ ഹോൾഡിംഗ്സ് എന്ന സ്ഥാപനത്തിനു വേണ്ടി വർഗ്ഗീസ് എ.പി .S/O പാപ്പൂട്ടി ,അറക്കൽ എന്നയാളുടെ ഉടമസ്ഥതയിൽ 398.56 ച.മീ തറവിസ്തീർണ്ണമുള്ള അറക്കൽ ആർക്കേഡ് എന്ന കെട്ടിടത്തെ വിഭജിച്ച് 14/3/A, 14/3/B, 14/3/C, 14/3/D, 14/3/E, 14/3/F എന്നീ നമ്പറുകൾ താഴത്തെ നിലയിലുള്ള കടമുറികൾക്കും 14/3/G, 14/3/K, 14/3/L എന്നീ നമ്പറുകൾ ഒന്നാം നിലയിലെ കടമുറികൾക്കും നൽകിയിട്ടുണ്ട്. താഴത്തെ നിലയിലെ കടമുറികൾക്ക് 2016 വർഷം മുതലും ഒന്നാം നിലയിലെ കടമുറികൾക്ക് 2018 വർഷം മുതലുമാണ് വസ്തുനികുതി നിർണയിച്ച് ഡിമാന്റ് ചെയ്തതത്. താഴത്തെ നിലയിലെ കടമുറികൾക്ക് വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗ ക്രമവും ഒന്നാം നിലയിലെ കടമുറികൾക്ക് വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗ ക്രമവുമാണ് നൽകിയത്. ഇവയ്ക്ക് വസ്തുനികുതി നിരക്കായി നായരമ്പലം ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്നത് യഥാക്രമം 50/- രൂപയും 60/- രൂപയുമാണ്. 14/3/A, 14/3/B, 14/3C, 14/3/E എന്നീ കെട്ടിടങ്ങളിൽ 7 NINE SUPERMARKET എന്ന സ്ഥാപനം പ്രവർത്തിപ്പിക്കുന്നതിന് ജോസഫ് ബേബി എ .ആർ, അറക്കൽ ഹൌസ് നായരമ്പലം എന്ന വ്യക്തിക്ക് F.T.EO ലൈസൻസ് നൽകിയിട്ടുണ്ട്. 22-7-2023 ന് വസ്തുനികുതി സെക്ഷൻ ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ മേൽ സ്ഥാപനം 14/3/A, 14/3/B, 14/3/C, 14/3/D, 14/3/E, 14/3/G, 14/3/H, 14/3/J, 14/3/K എന്നീ കെട്ടിടങ്ങളിൽ 7 NINE SUPER MARKET എന്ന സൂപ്പർമാർക്കറ്റായി പ്രവർത്തിക്കുന്നതായും ചുറ്റുമതിലിനോട് ചേർത്ത്, പെർമിറ്റ് അനുവദിക്കാതെ 25 ച.മീറ്ററിൽ അധികം കെട്ടിട നിർമ്മാണം നടത്തി ഉപയോഗിക്കുന്നതായും ബോധ്യപ്പെട്ടു. ആകെ 330.7 ച.മീ സൂപ്പർമാർക്കറ്റായാണ് ഉപയോഗിക്കുന്നത്.

2013 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം 4-ാം ചട്ടം (1) -ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിട ഭാഗത്തിനും ഈ ചട്ടങ്ങൾ

പ്രകാരം വസ്തുനികുതി ചുമത്തേണ്ടതുമാണ്. എന്നാൽ മേൽ കെട്ടിടത്തിലെ ഒരാളുടെ സൂപ്പർമാർക്കറ്റ് കെട്ടിടങ്ങൾക്ക് ഒരു ഉപയോഗ ക്രമമാണെങ്കിലും ഇവയെ വിഭജിച്ച് വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗ ക്രമവും, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗ ക്രമവും നൽകിയതിനാൽ വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവുണ്ടായതായി കാണുന്നു. ടി കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സുപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഉപയോഗക്രമം നൽകി 80/- രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കാമായിരുന്നു. നായരമ്പലം ഗ്രാമപഞ്ചായത്തിലെ 2/156/A മുതൽ 2/156/M വരെ നമ്പറുകളിൽ പ്രവർത്തിക്കുന്ന ആകെ 377.43 ച.മീ ഉള്ള മറ്റൊരു കെട്ടിടത്തിന് (താഴത്തെ നില = 158.58, ഒന്നാം നില = 199.32, രണ്ടാം നില = 19.53) 200/- ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഉപയോഗക്രമം നൽകി 80/- രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതാണ്. എന്നാൽ 7 NINE SUPER MARKET എന്ന കെട്ടിടത്തിന്റെ വിഷയത്തിൽ ആയത് പാലിച്ചില്ല. തെറ്റായ ഉപയോഗ ക്രമം നൽകി വസ്തുനികുതി നിശ്ചയിച്ചതിനും അനധികൃത നിർമ്മാണം നടത്തിയതിന് നടപടി സ്വീകരിക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (9/26-7-2023), വസ്തുനികുതി ഈടാക്കിയത് സംബന്ധിച്ച് പരിശോധിച്ച് ഉടമസ്ഥന് നോട്ടീസ് നൽകി നിയമ പ്രകാരമുള്ള നികുതി ഈടാക്കുന്നതാണെന്നും പെർമിറ്റ് ഇല്ലാതെ പണിതിട്ടുള്ള കെട്ടിടഭാഗം സംബന്ധിച്ചുള്ള തുടർ നടപടി സാങ്കേതിക വിഭാഗത്തിന്റെ റിപ്പോർട്ട് പ്രകാരം സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-13 പാർപ്പിടാവശ്യത്തിനു നികുതി നിർണ്ണയിച്ച കെട്ടിടത്തിൽ റസിഡെൻഷ്യൽ ഹോംസ്റ്റേ പ്രവർത്തിക്കുന്നു

ശ്രീ.സനൽകുമാർ, S/O ശ്രീ.പുരുഷോത്തമൻ, മാളിയേക്കൽ, നായരമ്പലം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 6/179 നമ്പർ കെട്ടിടത്തിന് പാർപ്പിടം എന്ന ഉപയോഗക്രമം നൽകിയാണ് വസ്തുനികുതി നിർണ്ണയിച്ചത്. സഞ്ചയ അസസ്സ്മെന്റ് ഡീറ്റെയ്ൽസ് പ്രകാരം ആകെ 250.04 ച.മീ തറവിസ്തീർണ്ണമുള്ള ഈ കെട്ടിടത്തിന്റെ താഴത്തെ നിലക്ക് 142.19 ച.മീറ്ററും, ഒന്നാം നിലക്ക് 107.85 ച.മീറ്ററും തറവിസ്തീർണ്ണമുണ്ട്. ഒന്നാം നിലക്ക് 2019 ഒന്നാം അർദ്ധവർഷം മുതലാണ് വസ്തുനികുതി നിർണ്ണയിച്ചത്. 25-07-2023ൽ 2.45 PM ന് വസ്തുനികുതി സെക്ഷൻ ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടന്ന സ്ഥല പരിശോധനയിൽ കെട്ടിടത്തിന്റെ പ്രവേശന ഭാഗത്ത് മാളിയേക്കൽ ഹോംസ്റ്റേ എന്ന പരസ്യ ബോർഡ് സ്ഥാപിച്ച് രണ്ട് നിലകളുള്ള ഈ കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ഹോം സ്റ്റേ പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടു. ഈ ഹോംസ്റ്റേയിലെ രണ്ട് മുറികൾ "Make My Trip" ആപ്ലിക്കേഷനിലൂടെ പരസ്യം ചെയ്ത് നൽകുന്നുണ്ട്. റെസിഡൻഷ്യൽ ഹോം സ്റ്റേ ഉപയോഗ ക്രമത്തിന് ചതുരശ്ര മീറ്ററിന് ₹25/- യും പാർപ്പിടം ഉപയോഗ ക്രമത്തിന് ₹6/- യുമാണ് വസ്തുനികുതി നിരക്കായി നായരമ്പലം ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്നത്. റസിഡൻഷ്യൽ ഹോംസ്റ്റേ പ്രവർത്തിക്കുന്ന

107.85 ച.മീറ്ററിന് പാർപ്പിടം ഉപയോഗ ക്രമം നൽകിയതിനാൽ ചുവടെ ചേർക്കുന്നതു പ്രകാരം വസ്തുനികുതിയിൽ കുറവുണ്ടായിട്ടുണ്ട്.

നിർണ്ണയിച്ച വസ്തുനികുതി	നിർണ്ണയിക്കേണ്ട വസ്തുനികുതി	വസ്തുനികുതി കുറവ് (ലൈബ്രറി സെസ് ഉൾപ്പെടാതെ)
പാർപ്പിടം 250.04 X 6 = 1500.24 + 225.036 (തറ നിർമ്മിതി 15% വർദ്ധനവ് - മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് അഥവാ മറ്റേതെങ്കിലും വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച 250 .മീ ൽ കൂടുതൽ തറവിസ്തീർണ്ണമുള്ള കെട്ടിടം) = **1726/-**	1) പാർപ്പിടം 142.19 X 6 = 853.14 = 854 **2)**റെസിഡൻഷ്യൽ ഹോംസ്റ്റേ 107.85 X 25 = 2696.25 = 2697 ആകെ = **3551/-**	**1825/-**

വസ്തുനികുതി കുറവായി നിർണ്ണയിച്ചതിനാൽ പ്രതിവർഷം ₹1825/- യുടെ വസ്തുനികുതി നഷ്ടം പഞ്ചായത്തിനുണ്ടാകുന്നുണ്ട്.

തെറ്റായി വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (10/26-7-2023), ഹോംസ്റ്റേ ആയി പ്രവർത്തിക്കുന്ന ഒന്നാം നിലയിലെ ഭാഗത്തിന് അത് പ്രകാരമുള്ള നികുതി ഈടാക്കുന്നതിന് അപേക്ഷയും പ്ലാനും സമർപ്പിക്കുന്നതിന് കെട്ടിട ഉടമക്ക് കത്ത് നൽകി നികുതി പരിഷ്കരിച്ച് റസിഡൻഷ്യൽ ഹോംസ്റ്റേ താരിഫ് പ്രകാരം കുടിശ്ശിക സഹിതം നികുതി ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-14 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയില്ല

നായരമ്പലം ഗ്രാമ പഞ്ചായത്തിൽ 2022-2023 സാമ്പത്തിക വർഷം ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) നായരമ്പലം ഗ്രാമപഞ്ചായത്ത് ഹോമിയോ ഡിസ്പെൻസറിയിലെ ജീവനക്കാരായ ഡോ.മഞ്ജുള കെ. എൻ., ലീന എം. ഡി., കനക ടി. എസ്. എന്നിവരിൽ നിന്നും ഒന്നാം അർദ്ധവർഷം ₹1250/- വീതം തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട് (1220201677/29-8-2022). എന്നാൽ രണ്ടാം അർദ്ധവർഷം ഈ സ്ഥാപനത്തിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.

2) പാരാമെഡിക്കൽ ലൈസൻസ് പുതുക്കിയ താഴെ ചേർത്ത പാരാമെഡിക്കൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

ക്രമനം	പാരാമെഡിക്കൽ രജിസ്ട്രേഷൻ നമ്പർ	സ്ഥാപനത്തിന്റെ പേര്	പാരാമെഡിക്കൽ ലൈസൻസ് അപേക്ഷയിൽ/ രജിസ്റ്ററിൽ രേഖപ്പെടുത്തിയ

			ജീവനക്കാരുടെ എണ്ണം
1	5/22-23	സഹകരണ ഫിസിയോ തെറാപ്പി സെന്റർ	ഫിസിയോ തെറാപ്പിസ്റ്റ് = 3
2	6/22-23	ഹരിശ്രീ ഡെന്റൽ ക്ലിനിക്ക്, കൂടുങ്ങാശ്ശേരി	ഡോക്ടർമാർ = 1 മറ്റ് ജീവനക്കാർ = 1
3	4/22-23	ഹൃദ്യ ഹോമിയോപ്പതിക് ക്ലിനിക്ക്	ഡോക്ടർ = 1
4	9/22-23	സഹകരണ ലാബ്	മറ്റ് ജീവനക്കാർ = 4
5	10/22-23	ടോപ്മോസ്റ്റ് ഡെന്റൽ കെയർ	ഡോക്ടർ = 1 മറ്റ് ജീവനക്കാർ = 2

3) F.T.EO ലൈസൻസ് എടുത്ത റോയൽ ബജാജ് മോട്ടോഴ്സ് ഷോ റൂം (അപേക്ഷ നമ്പർ -140) എന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

4) നായരമ്പലം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധ വർഷവും തൊഴിൽനികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

ക്രമ നമ്പർ	സ്ഥാപനം
1	യുണൈറ്റഡ് ഇന്ത്യ അഷ്വറൻസ്, നായരമ്പലം
2	ഹോളി ഗ്രേസ് കൂറീസ്, കൂടുങ്ങാശ്ശേരി
3	ആത്മിക സ്വർണ്ണ പണയം, കൂടുങ്ങാശ്ശേരി
4	മേഘ ഹോമിയോ ക്ലിനിക്ക്, വെളിയത്താംപറമ്പ്
5	വേദ മൾട്ടി സ്പെഷ്യാലിറ്റി ഹോമിയോപതിക് ക്ലിനിക്ക്, നായരമ്പലം
6	ഡോക്ടേഴ്സ് പെറ്റ് കെയർ സെന്റർ, വെറ്റിനറി ക്ലിനിക്ക് നായരമ്പലം
7	പള്ളത്ത്പടി കൂറീസ് പ്രൈവറ്റ് ലിമിറ്റഡ്, നായരമ്പലം

5) 2022-2023 സാമ്പത്തിക വർഷം വിവിധ മരാമത്ത് ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

6) പഞ്ചായത്ത്പരിധിയിൽ പ്രവർത്തിക്കുന്ന ആധാരം എഴുത്ത് സ്ഥാപനങ്ങൾ, കമ്പ്യൂട്ടർ സെന്ററുകൾ, സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല.

മേൽ വിവരങ്ങൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (14/27-7-2023), മേൽ ചേർത്തവരിൽ നിന്നും തൊഴിൽനികുതി ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതാണ് എന്ന മറുപടി ലഭ്യമാക്കി. ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-15 നിരക്ക് നിശ്ചയിക്കാതെ പഞ്ചായത്ത് പ്രദേശങ്ങൾ സിനിമാ- പരസ്യ ചിത്രീകരണത്തിന് നൽകുന്നു

വാർഷിക ധനകാര്യപത്രിക RP-3 ഷെഡ്യൂളിൽ 130800199 - Other Rents ഹെഡ് പ്രകാരം

₹16,000/- തൻവർഷം വരവുണ്ട്. വരവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	തുക അടവാക്കിയ വ്യക്തി	ആവശ്യം	രസീത് നമ്പർ	ഈടാക്കിയ തുക
1	PHATA PHAT PRODUCTION	നെടുങ്ങാട് ജെട്ടിയുടെ പരിസര പ്രദേശത്ത് രാവിലെ 9 മണി മുതൽ ഉച്ചക്ക് 12 മണി വരെ AJIO എന്ന പ്രൊഡക്ടിന്റെ പരസ്യ ചിത്രീകരണം	1220205540/ 22-3-2023	5000/-
2	അജിത്ത് വിനായക ഫിലിംസ്	നെടുങ്ങാട് ജെട്ടിയുടെ പരിസര പ്രദേശത്ത് സിനിമ ഷൂട്ടിംഗ് (അജിത്ത് വിനായക ഫിലിംസ്)	1220203617/ 10-11-2022	5000/-
3	ജെൻസൻ ജോർജ്ജ്	നെടുങ്ങാട് ജെട്ടിയുടെ പരിസര പ്രദേശത്ത് Phata Phat പ്രൊഡക്ഷൻസിന് വേണ്ടി ഒരു ദിവസത്തെ പരസ്യ ചിത്രീകരണം	1220201523/11-8-2022	1000/-
4	PHATA PHAT PRODUCTION	നെടുങ്ങാട് ജെട്ടിയുടെ പരിസര പ്രദേശത്ത് Phata Phat പ്രൊഡക്ഷൻസിന് വേണ്ടി ഒരു ദിവസത്തെ പരസ്യ ചിത്രീകരണം	1220205795/29-3-2023	5000/-

പഞ്ചായത്ത് പരിധിയിലെ സ്ഥലങ്ങൾ സിനിമാ ഷൂട്ടിംഗ്/പരസ്യ ചിത്രീകരണം എന്നിവയ്ക്ക് നൽകിയ ഇനത്തിൽ മേൽ ചേർത്ത പ്രകാരം വരവ് ലഭ്യമായിട്ടുണ്ട്. രണ്ട് നിരക്കിലാണ് ആയത് ലഭ്യമായത് (₹1000/-യും ₹5000/- യും). നിരക്ക് നിശ്ചയിച്ചു കൊണ്ടുള്ള കമ്മിറ്റി തീരുമാനം ഇല്ല. ഏത് മാനദണ്ഡപ്രകാരമാണ് സിനിമാ ഷൂട്ടിംഗ്/പരസ്യ ചിത്രീകരണത്തിന്റെ നിരക്ക് നിർണ്ണയിക്കുന്നതെന്ന് അറിയിക്കേണ്ടതാണെന്നും കമ്മിറ്റി തീരുമാനമുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണെന്നും സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻകപയറിക്ക് (16/27-7-2023), പഞ്ചായത്ത് പരിധിയിലെ സ്ഥലങ്ങൾ ഷൂട്ടിംഗിന് ആദ്യമായി അനുവദിച്ചപ്പോൾ പ്രസിഡന്റിനേയും വൈസ് പ്രസിഡന്റിനേയും നിർദ്ദേശ പ്രകാരം ഫീസായി ₹1000/- യാണ് ഈടാക്കിയതെന്നും പിന്നീട് വരുന്ന അപേക്ഷകൾക്ക് ഒരു

ദിവസത്തേക്ക് ₹5000/- വീതമാണ് ഈടാക്കി വരുന്നതെന്നും ടി പ്രദേശങ്ങളിൽ ഷൂട്ടിംഗ് നടത്തുന്നതിന് ഈടാക്കേണ്ട തുക അടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അജണ്ട പ്രകാരം ചർച്ച ചെയ്ത് തീരുമാനിക്കുന്നതും, തുടർന്ന് വരുന്ന അപേക്ഷകളിൽ അപ്രകാരമുള്ള തുക ഈടാക്കുന്നതിനുള്ള നടപടികൾ സീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-16 പൊക്കാളി പാടത്ത് നെല്ലിക്കോഴി ശല്യം ഒഴിവാക്കൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ടിന്റെ നം/ പേര്	S211/23, പൊക്കാളിപാടത്ത് നെല്ലിക്കോഴി ശല്യം ഒഴിവാക്കൽ
നിർവഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ, നായരമ്പലം ഗ്രാമ പഞ്ചായത്ത്
അടങ്കൽ	166667/ (വികസന ഫണ്ട് ജനറൽ - 66667/, ബ്ലോക്ക് പഞ്ചായത്ത് വിഹിതം-50000/, ജില്ലപഞ്ചായത്ത് വിഹിതം – 50000/-)
ചെലവ്	166667/ (വികസന ഫണ്ട് ജനറൽ - 66667/, ബ്ലോക്ക് പഞ്ചായത്ത് വിഹിതം -50000/, ജില്ല പഞ്ചായത്ത് വിഹിതം-50000/)
തുക, ബിൽ നം / തീയതി	66667/- 444/28.03.23 50000/- 443/ 28.03.23 50000/- 432/ 27.03.23

1. പൊക്കാളിപാടത്ത് നെല്ലിക്കോഴി ശല്യം ഒഴിവാക്കൽ എന്ന പദ്ധതി നടപ്പാക്കിയത് പൊക്കാളി കൃഷിക്ക് കനത്ത നാശം വിതക്കുന്ന നെല്ലിക്കോഴികളെ സുരക്ഷിതമായ മാർഗത്തിലൂടെ നിയന്ത്രിക്കുന്നതിന് വേണ്ടി പാടത്തിന് ചുറ്റും HDPE 40 Mm നെറ്റ് കോൺക്രീറ്റ് അല്ലെങ്കിൽ മുള താങ്ങുകാലുകളിൽ സംരക്ഷണം ഒരുക്കുന്നതിനാണ്. പ്രൊജക്ട് രൂപീകരണ ഫോറത്തിൽ പ്രൊജക്ടിന്റെ ഉപമേഖല കാർഷിക രോഗബാധ എന്നും സൂക്ഷ്മ മേഖല, കീടരോഗ നിയന്ത്രണ പദ്ധതി എന്നുമാണ് നൽകിയിട്ടുള്ളത്. എന്നാൽ നെല്ലിക്കോഴി പൊക്കാളിപ്പാടത്ത് ശല്യം ഉണ്ടാക്കുന്നത് കീടരോഗ നിയന്ത്രണത്തിൽ ഉൾപ്പെടുന്നില്ല. സബ്സിഡി മാർഗ്ഗ രേഖ ഖ.6.1.19 പ്രകാരം പെട്ടെന്നുണ്ടാകുന്ന കീടരോഗങ്ങളുടെ തീവ്ര വ്യാപന നിയന്ത്രണത്തിൽ ഉൾപ്പെടുത്തി പ്രൊജക്ട് രൂപീകരിച്ച് ധനസഹായം നൽകാവുന്നതല്ല.

2. കൃഷി ഓഫീസർ തയ്യാറാക്കിയ നെല്ലിക്കോഴി നിവാരണ പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമല്ല.പഞ്ചായത്ത് ഭരണ സമിതി പദ്ധതി നിർവ്വഹണത്തിനു ശേഷം 21.6.23 ലാണ് ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചത്. ടി ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമസഭ സാധൂകരണം നൽകിയിട്ടില്ല.

3. നെല്ലിക്കോഴി ശല്യം ഒഴിവാക്കുന്നതിനായി പാടത്തിനു ചുറ്റും വലയിടുന്ന പദ്ധതിയിൽ വല വിരിക്കുന്നതിനായി കോൺക്രീറ്റ് തൂണുകൾ (സിമന്റും കമ്പിയും ഉപയോഗിച്ച്) നിർമ്മിച്ചിട്ടുണ്ട്. വല വിരിച്ചതുൾപ്പെടെയുള്ള നിർമ്മാണ പ്രവൃത്തികളുടെ മൂല്യ നിർണ്ണയം അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. നടത്തിയതായുള്ള രേഖകളില്ല.

കൃഷി ഓഫീസർ നടപ്പാക്കിയ മേൽ പദ്ധതി സംബന്ധിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (12/26.07.23) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതിനാൽ പദ്ധതി ചെലവ് ₹166667/- തടസ്സപ്പെടുത്തുന്നു.

1-17 മരുന്ന് ലഭ്യമാകുവാൻ അവശേഷിക്കുന്നു

ചീഫ് മെഡിക്കൽ ഓഫീസർ, ആയുർവേദം 2022-23 സാമ്പത്തിക വർഷത്തിൽ ആയുർധാര ഫാർമസ്യൂട്ടിക്കൽസിൽ നിന്ന് മരുന്ന് ലഭ്യമാക്കുന്നതിനായി തുക കൈമാറിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ നമ്പർ, പേര്	S159/23 വൃദ്ധജനാരോഗ്യം എസ്.സി.പി-മരുന്ന് വാങ്ങൽ
അടങ്കൽ തുക	500000/-(എസ്.സി.പി)
ആകെ ചെലവ് തുക	500000
മരുന്ന് വാങ്ങുന്നതിന് കൈമാറിയ തുകയുടെ ബിൽ നമ്പർ/ തീയതി, തുക	TRN.221107000000006966/06.12.2022, തുക 5,00,000/-

മേൽ പ്രോജക്ട് പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി ആയുർധാര ഫാർമസ്യൂട്ടിക്കലിന് ₹500,000/- നൽകിയിട്ടുണ്ട്. എന്നാൽ ഇൻവോയിസ് നം G00318 തീയതി 25.05.23 പ്രകാരം ₹95332/- രൂപയുടെയും ഇൻവോയിസ് നം G00319 തീയതി 31.05.23 പ്രകാരം ₹273336/- യുടെയും ഇൻവോയിസ് നം G00085 തീയതി 27.06.23 പ്രകാരം ₹67277/- യുടെയും ഉൾപ്പെടെ ആകെ ₹435945/- യുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കി ₹64055/ യുടെ മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിൽ രേഖകൾ സഹിതം ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(2/25.07.23) നൽകിയ മറുപടിയിൽ ₹64055/-യുടെ മരുന്ന് കൂടി ലഭ്യമാകുവാൻ അവശേഷിക്കുന്നുണ്ട് എന്ന് അറിയിച്ചു. നൽകിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്ന് ലഭ്യമാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മരുന്ന് ലഭിക്കുന്നത് വരെ ₹64055/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-18 ലൈഫ് ഭവന പദ്ധതി - തുക കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണം ആരംഭിച്ചില്ല

സതി ഗോപി, മറ്റേഴത്ത് നായരമ്പലം, മേരി വർഗ്ഗീസ് വെമ്പിള്ളി എന്നിവർ യഥാക്രമം 2018 -2019, 2021-2022 സാമ്പത്തിക വർഷങ്ങളിൽ ലൈഫ് ഭവന പദ്ധതി ധനസഹായം ആദ്യഗഡു തുക ₹40000/- വീതം കൈപ്പറ്റിയിട്ടുണ്ട്. ഇവർ പഞ്ചായത്തുമായി വെച്ച കരാർ പ്രകാരം ആദ്യ ഗഡു കൈപ്പറ്റി ആറു മാസത്തിനകം ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതായിരുന്നു.എന്നാൽ നാളിതു വരെ ഇവർ ഭവന നിർമ്മാണം ആരംഭിച്ചതിന്റേയോ, ഇവർക്ക് അവശേഷിക്കുന്ന ഗഡുക്കൾ നൽകിയതിന്റേയോ രേഖകൾ ലഭ്യമാക്കിയില്ല. ഭവന നിർമ്മാണം പൂർത്തീകരിച്ച് ധനസഹായം പൂർണ്ണമായി നൽകിയിട്ടുണ്ടെങ്കിൽ രേഖകൾ ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (11/26-7-2023), മേൽ വ്യക്തികൾ ഭവന നിർമ്മാണം ആരംഭിക്കാത്തതിനാൽ നേരിൽ വിളിച്ച് ചർച്ച നടത്തുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതിനെ തുടർന്ന് 2-3-2023 ന് വ്യക്തികളെ നേരിൽ വിളിച്ച് ചർച്ച ചെയ്തെന്നും എന്നാൽ ഇവർക്ക് തുടർന്ന് നൽകിയ കാലയളവിൽ യാതൊരു നിർമ്മാണ പ്രവൃത്തികളും നടത്തിയിട്ടില്ലാത്തതിനാൽ മേൽ വ്യക്തികൾ കൈപ്പറ്റിയ തുക പലിശ സഹിതം തിരിച്ചടക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ 21-6-2023 ൽ നടന്ന പഞ്ചായത്ത് കമ്മിറ്റിയിൽ 8(1) നമ്പരായി തീരുമാനം

എടുത്തുവെന്നും മറുപടി ലഭ്യമാക്കി. മേൽ സൂചിപ്പിച്ചവർ ഭവന നിർമ്മാണം ആരംഭിക്കാത്ത പക്ഷം കൈപ്പറ്റിയ തുക തിരികെ ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-19 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ്-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നമ്പർ/ തീയതി	118/23 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ്
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ
പദ്ധതി അടങ്കൽ	6,40,000 /-
ചെലവ്	6,36,048/-(ബിൽ നമ്പർ/ തീയതി-3/2022-23, 07.03.2023

നായരമ്പലം ഗ്രാമപഞ്ചായത്തിൽ 2022-23 കാലയളവിൽ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് എന്ന പ്രോജക്ടിൽ 21 ലാപ്ടോപ്പുകൾ പവർ സി.എം.എസ്. ടെക്നോളജി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) 21 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ഇതേ ആനുകൂല്യം മുൻവർഷങ്ങളിൽ ലഭിച്ചിട്ടില്ലെന്ന് വ്യക്തമാക്കുന്ന സർട്ടിഫിക്കറ്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) GeM വഴിയാണ് ലാപ്ടോപ്പ് വാങ്ങിയത്. I3/4GB/512GB/15.6'/Ubuntu/3 Year/OEM Warrantyഎന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ് ടോപ്പാണ് ടെൻഡർ സ്പെസിഫിക്കേഷനിൽ നൽകിയിരുന്നത്.എന്നാൽ പവർ സി.എം.എസ്. ടെക്നോളജി എന്ന സ്ഥാപനം ലഭ്യമാക്കിയ ഇൻവോയ്സ് (0143/19-20 തീയതി 27.02.2023) പ്രകാരം, വിതരണം ചെയ്ത ലാപ്ടോപ്പിന്റെ സ്പെസിഫിക്കേഷൻ R3/4GB/512GB/15.6'/Ubuntu/3 Year/OEM Warrantyഎന്നാണ്. സ്പെസിഫിക്കേഷനിൽ വ്യത്യാസം വന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി-15/26.07.2023 ക്ക് ലഭ്യമാക്കിയ മറുപടിയിൽ I34GB/512GB/15.6'/Ubuntu/3 Year/ OEM സ്പെസിഫിക്കേഷനും R3/4GB/512GB/15.6'/Ubuntu/3 Year/OEM സ്പെസിഫിക്കേഷനും ഒരേ പോലെയാണ് എന്നാണ്. ഈ മറുപടി തൃപ്തികരമല്ല. പദ്ധതി നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയിലെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ്ടോപ്പ് ഗുണഭോക്താക്കൾക്ക് വാങ്ങി നൽകേണ്ടതാണ്.

3) വിതരണം ചെയ്ത ലാപ്ടോപ്പിന്റെ ബ്രാൻഡ് നെയിം ഇൻവോയ്സിൽ വ്യക്തമാക്കിയിട്ടില്ല. അതിനാൽ ഏത് ബ്രാന്റ് ലാപ് ടോപ്പാണ് നൽകിയതെന്ന് വ്യക്തമല്ല. ലാപ്ടോപ്പുകളുടെ ബ്രാൻഡ് നെയിം സഹിതമുള്ള ഇൻവോയ്സ് ലഭ്യമാക്കി ഫയലിൽ ഉൾപ്പെടുത്താതിരിക്കുന്നത് ശരിയായ നടപടിയെല്ലന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മേൽ കാരണങ്ങളാൽ ചെലവഴിച്ച ₹636048/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-20 ആവശ്യമായ രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക തടസപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)പ്രൊജക്ട് നമ്പർ -S039-ഹോമിയോ ഡിസ്പെൻസറിയിലേക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ-പ്രകാരം മെയിന്റനൻസ് ഗ്രാന്റ് -നോൺ-റോഡ് വിഹിതം ₹49,972/- ചെലവഴിച്ച് (ട്രഷറി ബിൽ നമ്പർ-01/22-23,തീ.01.8.22) GeM മുഖേന ഒരു ഡെസ്ക്ക് ടോപ്പ് കംപ്യൂട്ടർ വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് വിവരങ്ങൾ ഇൻവോയ്സിൽ രേഖപ്പെടുത്തി മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിൽ ഹാജരാക്കിയില്ല.

2) പ്രൊജക്ട് നമ്പർ-S030/23-ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ-പ്രകാരം മെയിന്റനൻസ് ഗ്രാന്റ് -നോൺ-റോഡ് വിഹിതത്തിൽ നിന്നും ₹2,00,000/- (ട്രഷറി ബിൽ നമ്പർ-03/22-23, തീ. 06.3.23) മരുന്ന് ലഭ്യമാക്കുന്നതിനായി ഹോംകോയ്ക്ക് നൽകി. സ്ഥാപനത്തിന്റെ പ്രൊഫോർമ ഇൻവോയ്സ് നമ്പർ-PF-1259, തീയതി-14.02.23 പ്രകാരമാണ് തുക നൽകിയത്. മരുന്ന് ലഭ്യമാക്കി ആയത് സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

3) പ്രൊജക്ട് നമ്പർ-S167/23-കണ്ടിജൻസി ചെലവുകൾക്കുള്ള തുക-പ്രകാരം മെയിന്റനൻസ് ഗ്രാന്റ് -നോൺ-റോഡ് വിഹിതത്തിൽ നിന്നും ₹8108/- (ബിൽ നമ്പർ 2/22-23, തീ. 09.01.23) ചെലവഴിച്ചു. കെ.എസ്.ഇ.ബി.ഇലക്ട്രിസിറ്റി ബിൽ അടവാക്കുന്നതിനായി സബ് വൗച്ചർ നമ്പർ- 04/22-23 പ്രകാരം ചെലവഴിച്ച ₹362/- യും സബ് വൗച്ചർ നമ്പർ-05/22-23 പ്രകാരം ചെലവഴിച്ച ₹697/- യും ഈ ബില്ലിൽ ഉൾപ്പെടുന്ന തുകകളാണ്. ഇപ്രകാരം ആകെ ₹1059/- രണ്ട് സബ് വൗച്ചറുകൾപ്രകാരം ചെലവഴിച്ചുവെങ്കിലും ചെലവുകൾക്കാധാരമായ ഇലക്ട്രിസിറ്റി ബില്ലുകൾ പ്രകാരം (07/22,08/22,09/22 മാസങ്ങളിലെ ബില്ലുകൾ, ഒരു മാസം ₹307/- വീതം) ₹921/- മാത്രമേ കെ.എസ്.ഇ.ബി.യിൽ അടവാക്കണ്ടതുള്ളൂ. ₹138/- ബിൽ തുകയേക്കാൾ അധികം അടവാക്കി. ഇതിന്റെ കാരണം വ്യക്തമല്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ 7/26.7.23 നമ്പർ ഓഡിറ്റ് എൻകുയറിക്ക് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങളുടെ അഭാവത്താലും ആവശ്യമായ രേഖകൾ ലഭ്യമാക്കാത്തതിനാലും മേൽ പ്രൊജക്ടുകൾ പ്രകാരം ചെലവഴിച്ച ₹2,50,110/- (49972+200000+138) ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

1-21 വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലന പരിപാടി- സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്ട് നടപ്പിലാക്കി

പ്രൊജക്ട് നമ്പർ	S110/23
പ്രൊജക്ടിന്റെ പേര്	നൈപുണ്യ നഗരം-വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലന പരിപാടി
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	50,000/-(പൊതു വിഭാഗം വികസന ഫണ്ട്)
ചെലവ്	42,800/-(ബിൽ നമ്പർ-366/16.3.23)

ജില്ല ആസൂത്രണ സമിതി നിർദേശ പ്രകാരം, നായരമ്പലം ഗ്രാമപഞ്ചായത്ത് പരിധിയിലെ 60 വയസു കഴിഞ്ഞ വയോജനങ്ങൾക്ക് കംപ്യൂട്ടർ പരിജ്ഞാനം ലഭിക്കുന്നതിന് പരിശീലന പരിപാടി സംഘടിപ്പിക്കാൻ പ്രൊജക്ട് ഏറ്റെടുക്കുകയും 2023 മാർച്ച് മാസത്തിൽ 03.03.23

മുതൽ 15.03.23 വരെയുള്ള കാലയളവിൽ 10 ദിവസത്തെ പരിശീലന പരിപാടി ഐ.എച്ച്.ആർ.ഡി.യുടെ ആഭിമുഖ്യത്തിൽ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് നടത്തുകയും ചെയ്തു. പദ്ധതി നിർവ്വഹണം സംബന്ധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ സ.ഉ(കൈ)നം.115/2022/ ത.സ്വ.ഭ.വ. തീയതി 28.5.22, ഖണ്ഡിക 8.5(ii) പ്രകാരം സംരംഭം തുടങ്ങുന്നതിന്റെ ഭാഗമായോ തൊഴിൽ നൽകുന്നതിന്റെ ഭാഗമായോ അല്ലാതെ കമ്പ്യൂട്ടർ പരിശീലന പരിപാടിക്കു മാത്രമായി പ്രൊജക്ട് ഏറ്റെടുക്കാവുന്നതല്ല.ഇവിടെ 60 വയസിനു മുകളിൽ പ്രായം ഉള്ളവർക്കാണ് പരിശീലനം നൽകിയത്. മാർഗരേഖയ്ക്ക് വിരുദ്ധമായി, വികസന ഫണ്ട് ചെലവഴിച്ച് പ്രൊജക്ട് നടപ്പിലാക്കിയത് ശരിയായ നടപടിയല്ല.

2) പരിശീലനത്തിൽ പങ്കെടുക്കുന്ന ഒരു വ്യക്തിക്ക് ₹800/- നിരക്കിൽ കുറഞ്ഞത് 30 വ്യക്തികൾക്കുള്ള തുക ഐ.എച്ച്.ആർ.ഡി.ക്ക് കൈമാറണമെന്നുള്ള ജില്ല ആസൂത്രണ സമിതി ചെയർമാൻ & ജില്ല പഞ്ചായത്ത് പ്രസിഡന്റിന്റെ നിർദേശം പഞ്ചായത്ത് പാലിക്കുകയും 30 വ്യക്തികളുടെ ഫീസ് ₹24,000/- ഐ.എച്ച്.ആർ.ഡി.ക്ക് സ്ഥാപനത്തിന്റെ ഇൻവോയ്സ് പ്രകാരം വികസന ഫണ്ടിൽ നിന്നും നൽകുകയും ചെയ്തു. പരിശീലന പരിപാടിയുടെ മൊഡ്യൂൾ, പരിശീലനം നൽകിയ ഇൻസ്ട്രക്ടർമാർ ആരൊക്കെ, പരിപാടിയുടെ ഫോട്ടോഗ്രാഫ് തുടങ്ങിയ വിവരങ്ങളൊന്നും ഫയലിൽ ഇല്ല. 28 വ്യക്തികൾ ഒപ്പിട്ട അറ്റൻഡൻസ് ഷീറ്റിന്റെ ഫോട്ടോസ്റ്റാറ്റ് മാത്രമേ ഫയലിലുള്ളൂ (30 പഠിതാക്കൾക്കുള്ള തുകയാണ് നൽകിയത്). ₹18,800/- റിഫ്രഷ്മെന്റിനായാണ് ചെലവഴിച്ചത്.

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച് നൽകിയ 6/26.7.23നമ്പർ ഓഡിറ്റ് എൻകയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കി.ടി പദ്ധതി ഏറ്റെടുത്തില്ലെങ്കിൽ പഞ്ചായത്തിന്റെ വാർഷിക പദ്ധതിക്ക് ജില്ല ആസൂത്രണ സമിതി അംഗീകാരം നൽകുകയില്ല എന്നതിനാലാണ് പദ്ധതി ഏറ്റെടുക്കേണ്ടി വന്നതെന്നും പങ്കെടുക്കുന്നവരുടെ എണ്ണം 30ൽ കുറവായാലും 30 പേരുടെ തുക തന്നെ ഐ.എച്ച്.ആർ.ഡി.ക്ക് നൽകണമെന്ന് ജില്ല ആസൂത്രണ സമിതി നിർദേശിച്ചതിനാലുമാണ് 28 ആളുകൾ മാത്രമേ പങ്കെടുത്തുവുള്ളുവെങ്കിലും 30 പേരുടെ തുക നൽകിയതെന്നുമാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നത്. മറുപടി അംഗീകരിക്കാനാവില്ല. സർക്കാർ ഉത്തരവിനു വിരുദ്ധമായി ഏറ്റെടുത്ത ടി പ്രൊജക്ടിന്റെ ചെലവ് തുക ₹42,800/-തടസപ്പെടുത്തുന്നു. സർക്കാർ ഉത്തരവിനു വിരുദ്ധമായി ചെലവ് ചെയ്തതിനാൽ ടി ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്.

1-22 പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ വൻ തുക കുടിശിക നിലനിൽക്കുന്നു

കേരള വാട്ടർ അതോറിറ്റിയുടെ 08.3.2023ലെ ബിൽ നമ്പർ-72128 പ്രകാരം 28.02.23 പ്രാബല്യത്തിൽ നായരമ്പലം ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിലുള്ള കുടിശിക ₹10,63,514/-യും ഫൈൻ ₹20,886/-യുമാണ്. 2022-23 സാമ്പത്തിക വർഷം 259 വാട്ടർ ടാപ്പുകളുടെ പ്രതിമാസ വെള്ളക്കരം മാത്രമേ പഞ്ചായത്ത് അടവാക്കിയിട്ടുള്ളൂ.കുടിശിക ഇനത്തിൽ വന്നിട്ടുള്ള ഭീമമായ തുക അടവാക്കുന്നതിനോ അല്ലാത്ത പക്ഷം ഇളവു ചെയ്തു ലഭിക്കുന്നതിനോ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

നായരമ്പലം ഗ്രാമപഞ്ചായത്തിൽ ജലജീവൻ പദ്ധതി മുഖേന സമ്പൂർണ്ണ കുടിവെള്ള കണക്ഷൻ ലഭ്യമായി വരുന്നതിനാൽ വാർഡുകളിൽ അത്യാവശ്യമുള്ള പൊതുടാപ്പുകൾ നിലനിർത്തി ബാക്കിയുള്ളവ റദ്ദു ചെയ്യുന്നതിനും ഇതിനാവശ്യമായ തുക വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നതിനും 08.6.22ലെ ഭരണ സമിതി യോഗത്തിൽ 5(1) നമ്പരായി തീരുമാനമെടുത്തു.നായരമ്പലം ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പ്രകാരം കുടിവെള്ള കണക്ഷൻ 100% പൂർത്തിയായതിനാൽ 10.11.22ൽ പ്രത്യേക ഗ്രാമസഭ ചേർന്ന് ആയത് പ്രഖ്യാപിക്കുന്നതിന് 04.11.22ലെ ഭരണ സമിതി യോഗത്തിൽ 10(1) നമ്പരായി തീരുമാനമെടുത്തു. ഗ്രാമപഞ്ചായത്ത് പരിധിയിലെ ഉപയോഗ ശൂന്യമായ പൊതുടാപ്പുകൾ റദ്ദു ചെയ്യുന്നതിന് വാട്ടർ അതോറിറ്റി അധികാരികളുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിന് 21.11.22ലെ ഭരണ സമിതി യോഗത്തിൽ 3(1) നമ്പരായും തീരുമാനം എടുത്തു. 08.3.23ലെ മേൽ സൂചിപ്പിച്ച ഡിമാന്റ് നോട്ടീസ് പ്രകാരം ഒരു പൊതു ടാപ്പിന് ഒരു വർഷം ₹14,559.12 നിരക്കിൽ 259 ടാപ്പുകൾക്ക് ₹3,14,232/-യാണ് ഫെബ്രുവരി 2023 ലെ വെള്ളക്കരം ഇനത്തിൽ പഞ്ചായത്ത് അടവാക്കിയത്. ഇപ്രകാരം പ്രതിമാസം വളരെ വലിയ തുകയാണ് പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പഞ്ചായത്ത് അടവാക്കുന്നത്. ജലജീവൻ മിഷൻ പ്രകാരം കുടി വെള്ള കണക്ഷൻ 100% പൂർത്തിയായ സാഹചര്യത്തിൽ മേൽ സൂചിപ്പിച്ച ഭരണ സമിതി തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി നിലവിൽ ആവശ്യമില്ലാത്ത പൊതു ടാപ്പുകൾ കണ്ടെത്തി ആയവ റദ്ദു ചെയ്യുന്നതിന് തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

വെള്ളക്കരം ഇനത്തിൽ തുക അടവാക്കാത്തതു മൂലം കുടിശിക വർദ്ധിക്കുന്നത് ഭാവിയിൽ പഞ്ചായത്തിനുള്ള പദ്ധതി വിഹിതത്തിൽ നിന്നും കുടിശിക ഉത്തവത്തിൽ കുറവു ചെയ്യുന്നതിന് ഇടയാകുകയും വികസന പ്രവർത്തനങ്ങൾക്കാവശ്യമായ തുകയിൽ കുറവ് സംഭവിക്കുന്നതിന് ഇത് കാരണമാകുകയും ചെയ്യും. ആയതിനാൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തമായി മുൻകാലങ്ങളിലെ അടവ് വിവരങ്ങൾ പരിശോധിച്ച് വെള്ളക്കരം ഇനത്തിൽ ഭീമമായ തുക കുടിശിക വന്നതെങ്ങനെയെന്ന് പരിശോധിക്കേണ്ടതാണ്.

മേൽ വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 8/26.7.23 നമ്പർ ഓഡിറ്റ് എൻകുയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

1-23 പരേയ്ക്കാപ്പിള്ളിത്തറ കോളനി സമഗ്രവികസം-പദ്ധതി ആസൂത്രണത്തിലെ അപാകതകൾ

പ്രോജക്ട് നമ്പർ/ തീയതി	72/23, പരേയ്ക്കാപ്പിള്ളിത്തറ കോളനി സമഗ്രവികസനം വാർഡ്-3
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനിയർ
പദ്ധതി അടങ്കൽ	197050/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) 1000/-(തനത് ഫണ്ട്)
ചെലവ് തുക	85,795/-(ബിൽ നമ്പർ/ തീയതി-4/2022-23-23.05.2022

മേൽ പ്രവൃത്തി 2021-22 സാമ്പത്തിക വർഷം പ്രോജക്ട് നമ്പർ എസ് 099/22 പ്രകാരം എസ്റ്റിമേറ്റ് തുക ₹768900/- കണക്കാക്കി നടപ്പിലാക്കിയിരുന്നു. എം ബുക്ക് നമ്പർ- 5/21-22

പ്രകാരം 31.12.2021 ൽ ചെക്ക് മെഷർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ₹570890/- (BRN 21110752007901132807, തീ. 06.11.2021) പാർട്ട് ബിൽ അനുവദിച്ചിരുന്നു. പ്രവൃത്തിയുമായി ബന്ധപ്പെട്ട് ചില അപാകതകൾ കാണുന്നു.

1) എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം സൈഡ് പ്രോട്ടക്ഷൻ കൾവർട്ട് നിർമ്മാണം, 268 മീറ്റർ നീളത്തിലും 2.6 മീറ്റർ വീതിയിൽ റോഡ് പുനർനിർമ്മാണം എന്നീ പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. ഇതിന് വേണ്ടി കൾവർട്ടിന്റെ പ്ലാൻ തയ്യാറാക്കി ടെൻഡർ നടപടി സ്വീകരിക്കുകയും എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ വിളിച്ച ശ്രീ ജോബി.കെഎസ് എന്ന കരാറുകാരന് 18.10.21 തീയതിയിൽ സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തിരുന്നു.06.11.21 ൽ 3/AE/LSGD/ NBLM/21-22 Dtd 06.11.21 നമ്പരായി എഗ്രിമെന്റിൽ ഏർപ്പെടുകയും 06.11.21 ൽ വർക്ക് ഓഡർ നൽകുകയും ചെയ്തു. പൂർത്തീകരണ തീയതി 31.03.2022 ആണെങ്കിലും ടി കാലയളവിൽ പ്രവൃത്തി പൂർത്തീകരിച്ചില്ല.

2) ഇതുമായി ബന്ധപ്പെട്ട് ഫയലിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ഉൾപ്പെടുത്തിയിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല. റിവൈസ്ഡ് എസ്റ്റിമേറ്റിൽ, ടി കൾവർട്ടിന്റെ ഇരുഭാഗങ്ങളിലും ചെമ്മീൻ കെട്ട് ആയതിനാൽ ചെമ്മീൻ കെട്ടിലെ വെള്ളം കയറ്റി ഇറക്കുന്നതിന് തടസ്സം വരുത്തി മാർച്ചിന് മുൻപേ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയില്ലെന്നും ആയതിനാൽ നിലവിലുള്ള കരിങ്കൽകെട്ട് ബലപ്പെടുത്തി കൾവർട്ടിന്റെ സ്ലാബ് പുതിയതായി നിർമ്മിച്ച് ബലപ്പെടുത്തി പ്രവൃത്തി പൂർത്തിയാക്കുന്നതിനും സൈറ്റിലെ റോഡ് കുറച്ചു ഭാഗം ഉയർത്തി കോൺക്രീറ്റ് ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഇപ്രകാരമുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ആദ്യമേ തയ്യാറാക്കി ചെയ്യാവുന്നതായിരുന്നു. ഫലത്തിൽ 2021-22 സാമ്പത്തിക വർഷം ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് കോൺക്രീറ്റ് റോഡ് മാത്രം പൂർത്തിയാക്കി ₹570890/- അനുവദിക്കുകയാണ് ഉണ്ടായത്. എഞ്ചിനിയറിംഗ് വിംഗിന്റെ പ്രവൃത്തി ദിനങ്ങൾ പരേയ്ക്കാപ്പിള്ളിത്തറ കോളനി സമഗ്രവികസനം എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ്, കൾവർട്ട് പ്ലാൻ, സൈഡ് കെട്ട് എന്നിവ തയ്യാറാക്കി ഉപയോഗശൂന്യമായി പോയതായും സമയനഷ്ടം സംഭവിച്ചതായും ഓഡിറ്റ് കാണുന്നു. ഇത്തരം പ്രശ്നങ്ങൾ പ്രോജക്ട് നടപ്പിലാക്കുന്നതിന് മുൻപ് സൈറ്റ് പരിശോധിച്ച് പരിഗണിക്കേണ്ട വിഷയങ്ങളാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

3) കൾവർട്ട് സ്ലാബ് പാരപ്പെറ്റ്, മറ്റ അനുബന്ധ പ്രവൃത്തികൾ ചെയ്ത് മേൽ പ്രവൃത്തിയുടെ ഫൈനൽ ബിൽ 2022-23 സാമ്പത്തിക വർഷം തയ്യാറാക്കുകയും പണി പൂർത്തിയാക്കിയതായി എം.ബുക്കിൽ രേഖപ്പെടുത്തി ₹85795/-നൽകുകയും ചെയ്തിട്ടുണ്ട്. കൾവർട്ടിന്റെ മേൽ ഭാഗം മാത്രം പുനർ നിർമ്മാണം നടത്തിയാൽ കൾവർട്ട് ബലപ്പെടുമെന്ന് യാതൊരു വ്യക്തതയുമില്ല.

4) ഇപ്രകാരം വ്യത്യസ്ത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ടെൻഡർ നടപടികൾ സ്വീകരിക്കുകയും അതിന് ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്യുന്നതിലൂടെ ടെൻഡർ നടപടികളിൽ മത്സരസ്വഭാവം ഇല്ലാതാകുകയും ചില കരാറുകാർക്ക് പ്രത്യക്ഷത്തിൽ അനുകൂല സാഹചര്യം ലഭ്യമാകുന്നതിനുള്ള സാധ്യത നിലനിൽക്കുകയും ചെയ്യുന്നു. മേൽ വിഷയങ്ങൾ ഭരണസമിതി പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2022-23 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്.		

4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ട് നമ്പരും പേരും	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	2022-23	423619	61/23,മങ്ങാട്ട് ലൈൻ നിർമ്മാണം എസ്.എച്ച് റോഡ് കോൺക്രീറ്റിംഗ്, വാർഡ് 12	423619	0
	2022-23	333250	111/23, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും	333250	0
	2022-23	122091	165/23, പാലിന് സബ്സിഡി	122091	0
	2022-23	100000	28/23, അന്നപൂരക പോഷകാഹാരം-ജനറൽ	100000	0
	2022-23	85795	72/23,പരേയ്ക്കാപ്പിള്ളിത്തറ കോളനി സമഗ്ര വികസനം, വാർഡ് 3	85795	0
	2022-23	50000	211/23 പൊക്കാളി പാടത്ത് നെല്ലിക്കോഴി ശല്യം ഒഴിവാക്കൽ	50000	0
ആകെ		1114755		1114755	0
ജില്ലാ പഞ്ചായത്ത്	2022-23	262500	139/13, നെൽകൃഷി വികസനം	262500	0
	2022-23	951160	65/23, ഹോളി ഔഷധാലയം ലിങ്ക്	951160	0

			റോഡ് റീടാറിംഗ്, വാർഡ് 13		
	2022-23	989557	66/23,രാമൻകുളങ്ങര വെളിയത്താൻ പറമ്പ് റോഡ് റീടാറിംഗ്,വാർഡ് 9	989557	0
	2022-23	2929076	67/23, കടുങ്ങാശ്ശേരി വാടേപ്പള്ളി റോഡ് റീടാറിംഗ് ഡ്രെയിൻ കൺസ്ട്രക്ഷൻ,വാർഡ് 7	2929076	0
	2022-23	868401	224/23, ഐ.എച്ച്.ഡി.പി. കോളനി ലിങ്ക് റോഡ്,വാർഡ് 1	868401	0
	2022-23	150000	111/23,ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും	150000	0
	2022-23	50000	211/23, പൊക്കാളി പാടത്ത് നെല്ലിക്കോഴി ശല്യം ഒഴിവാക്കൽ	50000	0
ആകെ		6200694		6200694	

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തുക തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ /തീയതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം ലഭിച്ച വായ്പ തുക	തൻ വർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
					മുതൽ	പലിശ	
KURDFC ഭവന വായ്പ (ലൈഫ്)	സ.ഉ.(എം.എസ്) നം.68/2018/ത.സ്വ.ഭ.വ തീയതി. 18.05.2018	17200000	7552000	65,10,000	1823236	0	12238764

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം

കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട, നായരമ്പലം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക നമ്പർ	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക നമ്പർ	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2007-08	3-10	2009-10	2.8	ഡെപ്പോസിറ്റ് വർക്കിന് ധനവിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തത്.	വൈദ്യുതി ബോർഡിൽ നിന്നും ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ഡെപ്പോസിറ്റ് വർക്കിൽ മിച്ചം വന്ന തുക ലഭിച്ചിട്ടുണ്ട്
2014-15	2-1	2016-17	2.1	സ്ഥാപന തൊഴിൽ നികുതി	തുക അടവാക്കിയിട്ടുണ്ട്
2015-16	2-1	2016-17	2.2	സ്ഥാപന തൊഴിൽ നികുതി	തുക അടവാക്കിയിട്ടുണ്ട്
2019-20	1-20	2020-21	1-1	മരണപ്പെട്ടവരുടെ ക്ഷേമ പെൻഷൻ തുക അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യ	കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് തുക തിരികെ അടവാക്കിയത് സംബന്ധിച്ച് നായരമ്പലം സർവ്വീസ് സഹകരണ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്നിവിടങ്ങളിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	4,73,20,679
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	3,22,11,118

വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	0
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1159680

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-16	1,66,667	ശ്രീമതി.ഏഞ്ചല സിറിയക്ക്, കൃഷി ഓഫീസർ
1-17	64,055	ഡോ.ജയലക്ഷ്മി,മെഡിക്കൽ ഓഫീസർ,ആയുർവേദം
1-19	636048	ശ്രീമതി സീതാലക്ഷ്മി ബി.എസ്, അസി.ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ
1-20	2,50,110	ഡോ.മഞ്ജുള കെ.എൻ., മെഡിക്കൽ ഓഫീസർ, ഹോമിയോ
1-21	42,800	ശ്രീമതി.ഗായത്രി എം.വി., സെക്രട്ടറി
ആകെ	1159680	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ക്രമ നം.	പേരും ഉദ്യോഗപ്പേരും	ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
1	ശ്രീമതി.ഗായത്രി എം.വി., സെക്രട്ടറി	സെക്രട്ടറി, നായരമ്പലം ഗ്രാമപഞ്ചായത്ത്	ഹൗസ് നം.164A ക്ലബ് റോഡ്, ഗിരിനഗർ, കടവന്ത്ര
2	ഡോ.മഞ്ജുള കെ. എൻ.,മെഡിക്കൽ ഓഫീസർ, ഹോമിയോ	മെഡിക്കൽ ഓഫീസർ, ഗവ.ഹോമിയോ ഡിസ്പെൻസറി,നായരമ്പലം	റിഥം, എരുവേലി, ചോറ്റാനിക്കര
3	ശ്രീമതി.ഏഞ്ചല സിറിയക്ക്,കൃഷി ഓഫീസർ	കൃഷി ഓഫീസർ, കൃഷിഭവൻ, ഞാറയ്ക്കൽ	പുട്ടുവേലിൽ ഹൗസ്, കർദിനാൻ ചർച്ച് റോഡ്, BMC (P.O), കാക്കനാട്
4	ഡോ.ജയലക്ഷ്മി,മെഡിക്കൽ ഓഫീസർ,ആയുർവേദം	വിരമിച്ചു	നിലാവ്, കീർത്തി നഗർ ഏരൂർ, തുപ്പൂണിത്തുറ

5	സീതാലക്ഷ്മി ബി.എസ്, ഫിഷറീസ് എക്സ്റ്റ്റെൻഷൻ ഓഫീസർ	നായരമ്പലം AFEO	വെപ്രക്കാട് വീട് പളളുരുത്തി

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട ുകളുടെ വിവരം

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും അവസാനത്തെ കത്തിടപാടിന്റെ വിവരം
1993-94	എൽ.എഫ്.ഇ(പി3)110/2015 തീയതി:10.06.2015
1996-97(വരവ്)	
1996-97(ചെലവ്)	
1997-98(വരവ്)	
1997-98(ചെലവ്)	
1998-99(വരവ്)	
1998-99(ചെലവ്)	
2002-03	എൽ.എഫ്.ഇ(പി3)1287/07/30.11.2007
2003-04	എൽ.എഫ്.ഇ(പി3)1302/09/08.12.08
2005-06	എൽ.എഫ്.ഇ(പി3)1304/09/08.12.08
2007-08	എൽ.എഫ്.ഇ(പി3)1945/08/14.09.09
2009-10	എൽ.എഫ്.ഇ(പി3)450/11/14.09.09
2011-12	എൽ.എഫ്.ഇ(പി3)2211/13 27.12.13
2012-13 & 2013-14	എൽ.എഫ്.ഇ(പി3)351/15 03.03.2015
2014-15	കെ.എസ്.എ-ഇ.കെ.എം.(പി3)1192/16/20.7.16
2015-16	കെ.എസ്.എ-ഇ.കെ.എം.(പി3)1993/16 Dt.15.12.16
2016-17	കെ.എസ്.എ-ഇ.കെ.എം.(പി3)1657/17 Dt.21.10.17
2017-18	കെ.എസ്.എ-ഇ.കെ.എം.(പി3)363/19 Dt. 19.03.19
2018-19	കെ.എസ്.എ-ഇ.കെ.എം.(പി3)277/20 Dt 13.03.20
2019-20	കെ.എസ്.എ-ഇ.കെ.എം.(പി3)516/21 Dt 13.03.20
2020-21	കെ.എസ്.എ-ഇ.കെ.എം.(പി3)1177/21 Dt 08.08.2022
2021-22	കെ.എസ്.എ-ഇ.കെ.എം.(പി3)65/23 Dt 11.4.2023

ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 27-06-2023 and submitted on 27-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Nayarambalam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Nayarambalam Grama Panchayat for the year 2022-2023

Date: 05/10/2023 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Nayarambalam Grama Panchayat for the Year 2022-2023.

1.Major Observations

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2. Lack of Panchayath Raj Budget rules adversely affecting budgetary control system.

3. The asset value shown in Balance Sheet is not traceable to Asset Register due to unsupported design of existing asset register.

4. Non inclusion of Notes on Accounts in Financial statements and non disclosure of material facts.

2.Other Observations

1. Ratios and Notes on Accounts,the mandatory financial statements prescribed in Accounting Rules are not submitted for audit.

2. Discrepancy in the Cash flow statement of Grama Panchayath for F.Y 2022-23 as amount recorded in Net increase/ decrease in cash and cash equivalents (15109561/-) is not matched with the "Net Cash Generated By Operating+Investing+Financing Activity which is recoderd as 5051865/-. Both figures should be equal as per the approved accounting standards.

3. Grant statement not produced for audit.
4. The amount calculated as Gross Surplus /deficit of income over expenditure in Income and Expenditure Statement is different from the figure taken for calculating panchayath general fund in balance sheet.

Deputy Director

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ നായരമ്പലം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്